## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 മാർച്ച് 7, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

13 (*151) റേഷൻ വിതരണത്തിനുള്ള മുൻഗണനാ പട്ടിക

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) നൽകിയ മറുപടിയിൽ, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തിലെ ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് തയ്യാറാക്കിയ കരട് മുൻഗണനാ പട്ടിക പ്രകാരം 01.11.2016 മുതൽ റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കരട് പട്ടികയിന്മേൽ ലഭിച്ച പരാതികൾ പഞ്ചായത്ത് സെക്രട്ടറി ചെയർമാനായ കമ്മിറ്റി പരിശോധിച്ച് സംസ്ഥാനതല റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് 01.06.2017 മുതൽ റേഷൻ വിതരണം തുടർന്നുവരുന്നു. മുൻഗണനാ പട്ടികയിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ

അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുന:ക്രമീകരിക്കുകയും അനർഹരെ ഒഴിവാക്കുന്നതിനായി സർവ്വീസ് പെൻഷൻകാർ, സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ കാർഡുകൾ സറണ്ടർ ചെയ്യുകയും തദ്ദേശസ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ എ.എ.വൈ., മുൻഗണന, മുൻഗണനേതര സബ്സിഡി വിഭാഗങ്ങളിൽ നിന്ന് അനർഹരെ ഒഴിവാക്കി അർഹതയുള്ളതായി കണ്ടെത്തിയവരുടെ ലിസ്റ്റ് ഏപ്രിൽ മദ്ധ്യത്തോടെ കൃത്യമാക്കുമെന്നും മന്ത്രി വ്യക്തമാക്കി. സപ്ലൈകോ നടത്തുന്ന മൊത്തവിതരണ ശാലകളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും ഓരോ വിഭാഗം ജീവനക്കാരും നിർവ്വഹിക്കേണ്ട ചുമതലകൾ സംബന്ധിച്ച് വ്യക്തമായ സർക്കുലറുകളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണുകൾ പരിശോധിക്കുന്നതിനായി സർക്കാർ തലത്തിൽ സ്ക്വാഡ് രൂപീകരിച്ചും ജില്ല-താലൂക്ക് സപ്ലൈ ഓഫീസർമാർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ എന്നിവരുടെ നേതൃത്വത്തിലും പരിശോധനകൾ നടത്താറുണ്ട്. റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്) ഘടിപ്പിക്കുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുന്നതിനായി Request for proposal

(RFP) തയ്യാറാക്കി വരികയും 150 വേയിംഗ് മെഷീനുകൾ വാങ്ങുന്നതിനായി M/s Slintech എന്ന കമ്പനിക്ക് സപ്ലൈകോ പർച്ചേസ് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് ആധാർ അധിഷ്ഠിത ബയോമെട്രിക് രീതിയിൽ റേഷൻ വിതരണം നടത്തുന്നുണ്ടെന്നും ആധാർ ഇല്ലാത്തവർക്കും ബയോമെട്രിക് പരിശോധനയിൽ പരാജയപ്പെട്ടവർക്കും റേഷൻ നൽകുന്നുണ്ടെന്നും നിയമം അനുശാസിക്കുന്ന രീതിയിൽ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് പരീക്ഷണാടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് (പൈലറ്റ് പ്രോജക്ട്) നടത്തി റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് പ്രാവർത്തികമാകുമെന്നും മന്ത്രി അറിയിച്ചു. റേഷൻ വിതരണ രംഗത്തെ മൊത്തവ്യാപാരികളെ ഒഴിവാക്കി വാതിൽപ്പടി വിതരണം സപ്ലൈകോയെ ചുമതലപ്പെടുത്തിയതിലൂടെ വ്യാപാരികൾക്കുണ്ടായ ആശങ്ക പരിഹരിക്കുന്നതിന് അവരുമായി ചർച്ച നടത്തി പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. 99.6 ശതമാനം റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും ബാക്കിയുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമെന്നും സ്പ്ലിറ്റ് ചെയ്ത് പുതിയ റേഷൻ കാർഡ് നൽകുന്നതിൽ സോഫ്റ്റ് വെയർ തയ്യാറാകുന്നതോടെ തീരുമാനമെടുക്കുമെന്നും ആദിവാസി ഊരുകളിൽ പരമ്പരാഗത ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനും മാരക രോഗങ്ങൾ ബാധിച്ചവരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ

സ്വീകരിക്കുമെന്നും ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിന് 59 കോടി രൂപ അടങ്കലായി നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

14 (*152) രാഷ്ട്രീയ കൊലപാതകങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂരിൽ ഒൻപത് രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നും ബി.ജെ.പി., സി.പി.ഐ.(എം.), എസ്.ഡി.പി.ഐ. എന്നീ രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകർ പ്രതിപട്ടികയിലുണ്ടെന്നും സഭയെ അറിയിച്ചു. ഇന്ത്യയുടെ പരമാധികാരത്തിനും സുരക്ഷയ്ക്കും ഒത്തൊരുമയ്ക്കും ജനങ്ങൾക്ക് ഭീഷണി ഉയർത്തണമെന്നുള്ള ഉദ്ദേശ്യത്തോടെയോ, തീവ്രവാദ പ്രവർത്തനങ്ങൾക്കും മറ്റുമായോ, ബോംബോ സ്ഫോടക വസ്തുക്കളോ ഉപയോഗിക്കുകയാണെങ്കിൽ യു.എ.പി.എ. ആക്ട് 1967-ലെ 15-ാം വകുപ്പ് ചുമത്താവുന്നതാണെന്നും രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകർ തമ്മിൽ നടക്കുന്ന സംഘർഷങ്ങളും കൊലപാതകങ്ങളും നിയന്ത്രിക്കുന്നതിന് പോലീസിന് കഴിഞ്ഞിട്ടുണ്ടെന്നും കൊലപാതക കേസ്സുകളിൽ ഫലപ്രദമായ അന്വേഷണമാണ് നടക്കുന്നതെന്നും പോലീസ് ഇടപെടൽ സംബന്ധിച്ച് യാതൊരു പരാതികളും ഉണ്ടായിട്ടില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സർക്കാരിന്റെ മുഖം നോക്കാതെയുള്ള നടപടികളുടെ ഭാഗമായി രാഷ്ട്രീയ കൊലപാതകങ്ങൾ

കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ലെന്നും കൃത്യനിർവ്വഹണത്തിന് തടസ്സമുണ്ടാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും പോലീസിൽ നിന്നു വിവരങ്ങൾ ചോരുന്നു എന്നത് അടിസ്ഥാനരഹിതമാണെന്നും സംസ്ഥാന ഇന്റലിജൻസിന്റെ പ്രവർത്തനം കാര്യക്ഷമമാണെന്നും സംഘർഷബാധിത പ്രദേശങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

15 (*153 & *154) <u>മട്ടന്നൂർ ഷുഹൈബ് വധക്കേസ് അന്വേഷണം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, മട്ടന്നൂർ ഷുഹൈബ് വധക്കേസിന്റെ അന്വേഷണം കണ്ണൂർ റേഞ്ച് ഐ.ജി. ശ്രീ. മഹിപാൽ യാദവ് ഐ.പി.എസ്-ന്റെ മേൽനോട്ടത്തിൽ ജില്ലാ പോലീസ് മേധാവി ശ്രീ. ജി. ശിവവിക്രം ഐ.പി.എസ്.-ന്റെ നേതൃത്വത്തിലാണ് നടത്തുന്നതെന്നും അന്വേഷണത്തിന്റെ ഭാഗമായുള്ള റെയ്ഡിന്റെ വിവരങ്ങൾ പോലീസുദ്യോഗസ്ഥർ തന്നെ ചോർത്തുന്നുവെന്ന ആരോപണം ശരിയല്ലെന്നും സഭയെ അറിയിച്ചു. രാഷ്ട്രീയ കൊലപാതകങ്ങളിൽ കുറ്റക്കാർക്കെതിരെ സർക്കാർ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിലവിലെ അന്വേഷണം ഫലപ്രദമല്ലെങ്കിൽ ഏതന്വേഷണത്തിനും തയ്യാറാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഔദ്യോഗിക

മര്യാദയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുമെന്ന പൊതുവായ പരാമർശമാണ് മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിനുള്ള മറുപടിയായി സംസ്ഥാന പോലീസ് മേധാവി നൽകിയത് ബോംബ് നിർമ്മാണം കണ്ടെത്തി അവസാനിപ്പിക്കുന്നതിന് സർക്കാർ ശക്തമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1541 മുതൽ 1885 വരെയുള്ള ചോദ്യങ്ങളിൽ 46 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)